# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജൂൺ 21

## വാർത്താക്കുറിപ്പ്

### യോഗയിലൂടെ രോഗ പ്രതിരോധം: പഠനങ്ങളും ബോധവത്ക്കരണവും പ്രധാനം - മന്ത്രി വീണാ ജോർജ്

ജീവിത ശൈലീ രോഗങ്ങൾക്കടിമയായവരുടെ സംഖ്യ അനുദിനം വർദ്ധിച്ചു വരുന്ന കേരളത്തിൽ ആരോഗ്യകരമായ ജീവിത ശൈലികളെ കുറിച്ചും ശാസ്ത്രീയമായ വ്യായാമമുറകളെ കുറിച്ചും ജനങ്ങൾ കൂടുതൽ ബോധവാന്മാരാകേണ്ടതുണ്ടെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാല സെന്റർ ഫോർ യോഗാ ആന്റ് നാച്ചുറോപ്പതിയുടെ കീഴിൽ ആരംഭിക്കുന്ന ഒരു വർഷത്തെ ഓൺലൈൻ പി.ജി. ഡിപ്ലോമാ കോഴ്സിന്റെയും അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ കൗൺസിൽ ഫോർ ഫിലോസഫിക്കൽ റിസർച്ച്, പാമ്പാടി കുര്യാക്കോസ് ഗ്രിഗോറിയോസ് കോളജ് എൻ. സി. സി. , നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾ എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച വെബിനാറിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

പ്രമേഹം പോലുള്ള രോഗാവസ്ഥകൾ കേരളത്തിൽ വർദ്ധിച്ചു വരികയാണ്. ഭക്ഷണ-വ്യായാമ ക്രമങ്ങളിലുണ്ടാകുന്ന താളം തെറ്റലുകളാണ് പലപ്പോഴും ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രണം വിടുന്നതിന് കാരണമാകുന്നത്. യോഗ പോലുള്ള ശാസ്ത്രീയ ജീവിതചര്യകൾ ആരോഗ്യ പൂർണമായ ജീവിതത്തിലേക്ക് നയിക്കുന്ന പടവുകളാണ്.

കോവിഡ് ബാധിതരുടെ ഇടയിൽ വ്യാപകമായി കണ്ടുവരുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിൽ യോഗാസന മുറകൾ ഫലപ്രദമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്. യോഗ പോലുള്ള ലളിതവും ശാസ്ത്രീയവുമായ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ സാർവ്വത്രീകമാക്കുന്നതിനുള്ള പരിശ്രമങ്ങൾ എല്ലാ തലങ്ങളിലും ഉണ്ടാകണമെന്നും അവർ പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാല സെന്റർ ഫോർ യോഗാ ആന്റ് നാച്ചുറോപതിയുടെ കീഴിൽ പുതുതായി ആരംഭിക്കുന്ന യോഗയിലുള്ള ബിരുദാനന്തര ഡിപ്ലോമാ കോഴ്സ് ഈ മേഖലയിട്ടുള്ള പഠന - ഗവേഷണ പ്രവർത്തനങ്ങൾക്ക് ഉണർവ് പകരുന്നതാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു. കോവിഡ് രോഗബാധമൂലമുള്ള ഭീഷണി നേരിടുന്നതിൽ യോഗയുടെ തത്വശാസ്ത്രവും സന്ദേശവും ലേകത്തിന് കരുത്ത് പകരട്ടെയെന്നും മന്ത്രി ആശംസിച്ചു.

യോഗയുടെ മാഹാത്മ്യവും തത്വശാസ്ത്രവും ലോകത്തെമ്പാടും കൂടുതൽ പ്രചാരം നേടി വരികയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വൈസ് ചാൻസലർ ഡോ. സാബു തോമസ് പറഞ്ഞു. പഠന പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ വിഷയത്തിൽ ഓൺലൈൻ പി.ജി. ഡിപ്ലോമാ കോഴ്സിന് തുടക്കം കുറിച്ചിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.

സിൻഡിക്കേറ്റ് അംഗം ഡോ. എ ജോസ് യോഗാ ദിന സന്ദേശം നൽകി. യോഗാചാര്യ ആർ. സഞ്ജയാനന്ദ യോഗാ പ്രോട്ടോകോൾ അവതരിപ്പിച്ചു. ഇന്ത്യൻ കൗൺസിൽ ഫോർ ഫിലോസഫിക് റിസർച്ചിൽ നിന്നുള്ള പ്രൊഫ. ടി.എസ്. ഗിരീഷ് കുമാർ, കേന്ദ്ര സർവ്വകലാശാല മുൻ യോഗാ കോ-ഓർഡിനേറ്റർ ഡോ. ടി.വി. പത്മനാഭൻ,

സർവ്വകലാശാല ലൈഫ് ലോങ് ലേണിംഗ് ആൻറ് എക്സ്റ്റൻഷൻ വിഭാഗത്തിലെ ഡോ.ടോംസ് എബ്രഹാം എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകളെടുത്തു. സെന്റർ ഫോർ യോഗാ ആന്റ് നാച്ചുറോപ്പതി ഓണററി ഡയറക്ടർ ഡോ. ഹരി ലക്ഷ്മീന്ദ്രകുമാർ, പാമ്പാടി കെ.ജി. കോളജ് പ്രിൻസിപ്പൽ ഡോ. ഷൈലാ എബ്രഹാം, പി.എ. അജീഷ് കുമാർ, ഡോ.വിപിൻ കെ. വർഗീസ് എന്നിവർ പങ്കെടുത്തു. സമാപന ചടങ്ങിൽ പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സംസാരിച്ചു.

### ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സെന്റർ ഫോർ യോഗാ ആന്റ് നാച്ചുറോപ്പതിയുടെ കീഴിൽ ആരംഭിക്കുന്ന ഒരു വർഷത്തെ ഓൺലൈൻ പി.ജി. ഡിപ്ലോമാ കോഴ്സിന്റെയും അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ കൗൺസിൽ ഫോർ ഫിലോസഫിക്കൽ റിസർച്ച്, പാമ്പാടി കുര്യാക്കോസ് ഗ്രിഗോറിയോസ് കോളജ് എൻ. സി. സി. , നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾ എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച വെബിനാറിന്റെയും ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു. സിൻഡിക്കേറ്റ് മെമ്പർ ഡോ. എ. ജോസ്, വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സി.വൈ.എൻ. ഡയറക്ടർ ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, യോഗാചാര്യൻ ആർ സഞ്ജയാനന്ദ്, പി.എ. അജീഷ് കുമാർ എന്നിവർ സമീപം**

(പി.ആർ.ഒ/39/551/2021)

## സിവിൽ സർവ്വീസ് കോച്ചിംഗ്: സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പ്രിലിംസ് കം മെയിൻസ് കോച്ചിംഗ് പ്രോഗ്രാം - റഗുലർ , ഈവനിംഗ്, ഫൗണ്ടേഷൻ ബാച്ചുകളിൽ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ജൂൺ 26 വരെ സ്വീകരിക്കും. കോഴ്സ് കാലാവധി, റഗുലർ ബാച്ചിന് ഒരു വർഷവും ഈവനിംഗ് ബാച്ചിന് ഒന്നര വർഷവും ഫൗണ്ടേഷൻ ബാച്ചിന് രണ്ട് വർഷവുമായിരിക്കും. കോഴ്സ് ഫീ പട്ടിക ജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെട്ടവർക്ക് 15000 രൂപ. പൊതു വിഭാഗത്തിന് 30,000 രൂപ. വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും ഫോൺ - 9188374553.

(പി.ആർ.ഒ/39/552/2021)

## പുതുക്കിയ പരീക്ഷ തീയതി

ജൂൺ 16ന് അഫിലിയേറ്റഡ് കോളേജുകളിലും സീപാസിലും നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ നാലാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/2019ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ജൂൺ 23 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/553/2021)

ആറാം സെമസ്റ്റർ സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ് ബിരുദ പരീക്ഷകൾ ജൂൺ 28 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/554/2021)

ആറാം സെമസ്റ്റർ (2013-2016 അഡ്മിഷൻ സപ്ലിമെന്ററി), ബി.എസ് സി. സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ റീഅപ്പിയറൻസ്, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി) സി.ബി.സി.എസ്.എസ്. ബിരുദ പരീക്ഷകൾ ജൂൺ 28 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/555/2021)

## പരീക്ഷഫലം

2019 ഒക്ടോബർ, 2020 ഒക്ടോബർ മാസങ്ങളിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ റീഹാബിലിറ്റേഷൻ സൈക്കോളജി, ബിഹേവിയറൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ, ബിഹേവിയറൽ സയൻസ് ആന്റ് റീഹാബിലിറ്റേഷൻ നഴ്സിംഗ്, സ്പെഷ്യൽ എജ്യൂക്കേഷൻ ആന്റ് റീഹാബിലിറ്റേഷൻ സയൻസസ്, ബിഹേവിയറൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (പാർട്ട്-ടൈം) 2019 അഡ്മിഷൻ (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/556/2021)

## ജൂനിയർ ക്ലാർക്ക് നിയമനം; സൗജന്യ പരിശീലനം

കേരളത്തിലെ വിവിധ സഹകരണ ബാങ്കുകളിലെ ജൂനിയർ ക്ലാർക്ക് നിയമനത്തിനായി സഹകരണ സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയ്ക്കുള്ള സൗജന്യ ഓൺലൈൻ പരിശീലന പരിപാടി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഉടൻ ആരംഭിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9605674818 എന്ന ഫോൺ നമ്പറിലേക്ക് പേര്, വിലാസം, ഫോൺ നമ്പർ, വിദ്യാഭ്യാസ യോഗ്യത എന്നിവ ജൂൺ 25 ന് മുമ്പ് വാട്സ് ആപ്പ് ചെയ്യണം.

(പി.ആർ.ഒ/39/557/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക്റിലേഷൻസ് ഓഫീസർ